# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

# വിശ്വാസിയുടെ അടയാളങ്ങൾ (03)

08/09/2023

بسم الله الرحمن الرحيم

വിശ്വാസികളുടെ അടയാളങ്ങളായ നാല് കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

❖ **നാല് കാര്യങ്ങൾ നമ്മിലുണ്ടായാൽ നാം വിശ്വാസിയാണ്.**

| | | |
|---|---|---|
| الأُولَى :العِلْمُ، وَهُوَ :مَعْرِفَةُ اللَّهِ، وَمَعْرِفَةُ نَبِيِّهِ، وَمَعْرِفَةُ دِينِ الإِسْلَامِ بِالأَدِلَّةِ. | | |
| الثَّانِيَةُ: العَمَلُ بِهِ. | الثَّالِثَةُ: الدَّعْوَةُ إِلَيْهِ. | الرَّابِعَةُ: الصَّبْرُ عَلَى الأَذَى فِيهِ. |

**1. അറിവ് നേടണം.**

**A. അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്.**

**B. മുഹമ്മദ് നബി (സ്വ) യെ അറിയണം.**

**C. മതത്തെ അറിയണം.**

- നമ്മുടെ മതം ഇസ്ലാം ആണ്.
- അല്ലാഹുവിന്റെ അടുക്കൽ ഇസ്ലാം മാത്രമാണ് സ്വീകാര്യമായ മതം.

إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ ۗ وَمَا اخْتَلَفَ الَّذِينَ أُوتُوا الْكِتَابَ إِلَّا مِن بَعْدِ مَا جَاءَهُمُ الْعِلْمُ بَغْيًا بَيْنَهُمْ ۗ وَمَن يَكْفُرْ بِآيَاتِ اللَّهِ فَإِنَّ اللَّهَ سَرِيعُ الْحِسَابِ ﴿١٩﴾

وَقَوْلُهُ :﴿إِنَّ الدِّينَ عِنْدَ اللَّهِ الإِسْلامُ﴾ إِخْبَارٌ مِنَ اللَّهِ تَعَالَى بِأَنَّهُ لَا دِينَ عِنْدَهُ يَقْبَلُهُ مِنْ أَحَدٍ سِوَى الْإِسْلَامِ، وَهُوَ اتِّبَاعُ الرُّسُلِ فِيمَا بَعَثَهُمُ اللَّهُ بِهِ فِي كُلِّ حِينٍ، حَتَّى خُتِمُوا بِمُحَمَّدٍ ﷺ،

- **ഈ മതം മാത്രമാണ് രക്ഷ നൽകുന്ന മതം.**

عَنْ أَنَسٍ، رَضِيَ اللَّهُ عَنْهُ: أَنَّ غُلَامًا يَهُودِيًّا كَانَ يَضع لِلنَّبِيِّ ﷺ وَضُوءه وَيُنَاوِلُهُ نَعْلَيْهِ، فَمَرِضَ، فَأَتَاهُ النَّبِيُّ ﷺ فَدَخَلَ عَلَيْهِ وَأَبُوهُ قَاعِدٌ عِنْدَ رَأْسِهِ فَقَالَ لَهُ النَّبِيُّ ﷺ: "يَا فُلَانُ، قُلْ: لَا إِلَهَ إِلَّا اللَّهُ" فَنَظَرَ إِلَى أَبِيهِ، فَسَكَتَ أَبُوهُ، فَأَعَادَ عَلَيْهِ النَّبِيُّ ﷺ، فَنَظَرَ إِلَى أَبِيهِ، فَقَالَ أَبُوهُ: أَطِعْ أَبَا الْقَاسِمِ، فَقَالَ الْغُلَامُ: أَشْهَدُ أَن لَا إِلَهَ إِلَّا اللَّهُ وأَنَّكَ رَسُولُ اللهِ، فَخَرَجَ النَّبِيُّ ﷺ وَهُوَ يَقُولُ: الْحَمْدُ للهِ الَّذِي أَخْرَجَهُ بِي مِنَ النَّارِ" أَخْرَجَهُ الْبُخَارِيُّ

- **എങ്ങനെ നാം വിശ്വാസിയായി എന്നു ചോദിച്ചാൽ.**

പ്രപഞ്ചത്തെക്കുറിച്ചും വേദഗ്രന്ഥങ്ങളെക്കുറിച്ചും പഠിച്ചപ്പോൾ ഒരു സൃഷ്ടാവുണ്ട് എന്ന് മനസ്സിലായി. പലരും പഠിപ്പിക്കുന്ന ദൈവ വിശ്വാസങ്ങളെക്കുറിച്ച് പഠിച്ചപ്പോൾ ഇസ്ലമാണ് ശരിയായ മതം എന്നു മനസ്സിലാക്കിയാണ് ഞാൻ മുസ്ലിമായത് എന്നു പറയാൻ സാധിക്കണം.

**എന്താണ് ഇസ്ലാം മതത്തിന്റെ പ്രസക്തി.**

- ഒരു മതം ലോകത്തേക്ക് കടന്നു വന്ന അതേ അവസ്ഥയിൽ 14 നൂറ്റാണ്ടാകളായി മാറ്റമില്ലാതെ അനേകായിരം മനുഷ്യർ അംഗീകരിച്ചു കൊണ്ടും ആ മത നിയമങ്ങൾ അനുസരിച്ചു കൊണ്ടും ലോകത്ത് നിലനിൽക്കുന്നു.
- എല്ലാവർക്കും പ്രവാർത്തികമാക്കാൻ സാധിക്കുന്ന നിയമങ്ങളാണ് നമ്മുടെ മതത്തിലുള്ളത്.
- പ്രാകൃതരായിരുന്ന അറേബ്യൻ ജനതക്കും വിദ്യാസമ്പന്നർ എന്നു പറയുന്ന ഇന്നത്തെ മനുഷ്യർക്കും പ്രയാസവുമില്ലാതെ സ്വീകരിക്കാനും ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഇസ്ലാമിക നിയമങ്ങൾക്ക് സാധിക്കുന്നു.
- എന്തു കൊണ്ടാണ് ഇത് സാധിക്കുന്നത്? ഇത് കേവലം യദൃശ്ചികമായ സംഭവിച്ചതല്ല.

**പരിശുദ്ധ ഇസ്ലാം ദൈവീകമാണ്.**

- ദൈവീക നിയമങ്ങൾക്ക് മാത്രമാണ് ഇതു പോലെ നില നിൽക്കാൻ സാധിക്കുക.
- ലോകത്തുള്ള മറ്റു മതങ്ങൾ മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്. കാരണം മനുഷ്യരുടെ കൈകടത്തലുകൾ ഉണ്ടായി എന്നുള്ളതാണ്.
- ഇസ്ലാം യാതൊരു മാറ്റത്തിരുത്തലുകൾക്കും വിധേയമല്ലാത്ത മതമാണ്.

﴿تَنزِيلُ الْكِتَابِ لَا رَيْبَ فِيهِ﴾ أَيْ: لَا شَكَّ فِيهِ وَلَا مِرْيَةَ أَنَّهُ نَزَلَ، ﴿مِنْ رَبِّ الْعَالَمِينَ﴾ .

**മതം നമുക്ക് പഠിപ്പിച്ചു തന്നത് മുഹമ്മദ് നബി (സ്വ) യാണ്.**

**അദ്ദേഹം മത നിയമങ്ങൾ നമുക്ക് പറഞ്ഞു തന്നത് സ്വന്തം ഇഷ്ട പ്രകാരമല്ല.**

وَمَا يَنطِقُ عَنِ الْهَوَىٰ ﴿٣﴾ إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴿٤﴾

**നബി (സ്വ) മതത്തിൽ വല്ലതും മറച്ചു വെച്ചിരുന്നെങ്കിൽ**

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ ﴿٤٤﴾لَأَخَذْنَا مِنْهُ بِالْيَمِينِ ﴿٤٥﴾ ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ ﴿٤٦﴾ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ ﴿٤٧﴾ وَإِنَّهُ لَتَذْكِرَةٌ لِّلْمُتَّقِينَ ﴿٤٨﴾

**അദ്ദേഹത്തെ ഗുണദോഷിച്ചതു പോലും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്.**

**A. അബ്ദുല്ലാഹിബ്നു ഉമ്മു മക്തൂമിന്റെ സംഭവം.**

അന്ധനാണ്, അദ്ദേഹം വന്ന സലാം പറഞ്ഞു. നബി (സ്വ) സലാം മടക്കിയിട്ടുണ്ട്. മുഖം തിരിച്ചത് അദ്ദേഹം അറിഞ്ഞിട്ടില്ല. അതിനെയാണ് അല്ലാഹു ഗുണദോഷിച്ചത്.

**B. തേൻ കുടിക്കില്ലെന്ന് പറഞ്ഞ വിഷയം.**

عَائِشَةَ تَزْعُمُ أَنَّ النَّبِيَّ ﷺ كَانَ يَمْكُثُ عِنْدَ زَيْنَبَ بِنْتِ جَحْشٍ، وَيَشْرَبُ عِنْدَهَا عَسَلًا، فَتَوَاصَيْتُ أَنَا وَحَفْصَةُ أَنَّ أَيَّتَنَا دَخَلَ عَلَيْهَا النَّبِيُّ ﷺ فَلْتَقُلْ: إِنِّي أَجِدُ مِنْكَ رِيحَ مَغَافِيرَ، أَكَلْتَ مَغَافِيرَ؟ فَدَخَلَ عَلَى إِحْدَاهُمَا، فَقَالَتْ ذَلِكَ لَهُ. فَقَالَ: «لَا، بَلْ شَرِبْتُ عَسَلًا عِنْدَ زَيْنَبَ بِنْتِ جَحْشٍ، وَلَنْ أَعُودَ لَهُ». فَنَزَلَتْ: ﴿يَا أَيُّهَا النَّبِيُّ لِمَ تُحَرِّمُ مَا أَحَلَّ اللهُ لَكَ﴾، ﴿إِنْ تَتُوبَا إِلَى اللهِ﴾ [التحريم: ٤]، لِعَائِشَةَ وَحَفْصَةَ،

**നബി (സ്വ) സ്വന്തം ഇഷ്ട പ്രകാരം മതം പറഞ്ഞിട്ടില്ല.**

عَنْ مُحَمَّدِ بْنِ جُبَيْرِ بْنِ مُطْعِمٍ، عَنْ أَبِيهِ جُبَيْرِ بْنِ مُطْعِمٍ أَنَّ رَجُلًا، أَتَى النَّبِيَّ ﷺ فَقَالَ :أَيُّ الْبِلَادِ شَرٌّ؟ قَالَ: لَا أَدْرِي، فَلَمَّا أَتَى جِبْرِيلُ رَسُولَ اللَّهِ ﷺ قَالَ: يَا جِبْرِيلُ أَيُّ الْبِلَادِ شَرٌّ؟ قَالَ: لَا أَدْرِي حَتَّى أَسْأَلَ رَبِّي، فَانْطَلَقَ جِبْرِيلُ فَمَكَثَ مَا شَاءَ اللَّهُ، ثُمَّ جَاءَ فَقَالَ: يَا مُحَمَّدُ إِنَّكَ سَأَلْتَنِي :أَيُّ الْبِلَادِ شَرٌّ؟ قُلْتُ: لَا أَدْرِي، وَإِنِّي سَأَلْتُ رَبِّي فَقُلْتُ :أَيُّ الْبِلَادِ شَرٌّ؟ قَالَ: أَسْوَاقُهَا

- ഇങ്ങനെയുള്ള നബി (സ്വ) യിലൂടെയാണ് ഈ മതം നമ്മളിലേക്ക് എത്തിയത്.

**ഈ മതത്തെ അറിയാതെ നമുക്ക് വിശ്വാസിയാകാൻ സാധ്യമല്ല.**

## ❖ ഇസ്ലാമിലെ നിയമങ്ങൾ മൂന്നായി തിരിക്കാം.

1. അനിവാര്യമായവ – (الضروريات) ഫൌണ്ടേഷൻ
2. അവശ്യമായവ – (الحاجيات) ചുമര്, വാതിലുകൾ

**3. അലങ്കാരമായ – (التحسينيات) പെയിന്റ്, ഫിനിഷിംഗ് വർക്കുകകൾ.**

**❖ മത നിയമങ്ങൾ അഞ്ച് അടിസ്ഥാനങ്ങൾ പരിഗണിച്ചാണ്.**

| | |
|---|---|
| **മതം സംരക്ഷിക്കാൻ** | مصلحة حفظ الدين. |
| **ശരീരം സംരക്ഷിക്കാൻ** | مصلحة حفظ النفس. |
| **ബുദ്ധി സംരക്ഷിക്കാൻ** | مصلحة حفظ العقل |
| **സമ്പത്ത് സംരക്ഷിക്കാൻ** | مصلحة حفظ المال |
| **കുടുംബം സംരക്ഷിക്കാൻ** | مصلحة حفظ العرض والنسل |

ഇസ്ലാമിക നിയമങ്ങൾ ഈ അഞ്ചു നിയമങ്ങളെ (കാര്യങ്ങളെ) സ്ഥാപിക്കാൻ, നില നിർത്താൻ, സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ്.

**1. മതം.**

- അമ്പിയാക്കളെ നിയോഗിച്ചത്. വേദഗ്രന്ഥങ്ങൾ ഇറക്കിയത്. ഇതെല്ലാം മതത്തെ സംരക്ഷിക്കാൻ വേണ്ടിയാണ്.
- മത നിയമങ്ങൾ നമ്മുടെ ബുദ്ധി കൊണ്ട് രൂപപ്പെടുത്തുന്നതല്ല. മത നിയമങ്ങളിൽ നമ്മുടെ ബുദ്ധിക്ക് സ്ഥാനമില്ല.
- ഇസ്ലാമിലെ നിയമങ്ങൾ മനുഷ്യരുടെ നന്മക്ക് വേണ്ടിയാണ്.
- ഇസ്ലാമിലെ നിയമങ്ങൾക്ക് നാം പാലിച്ചാൽ അല്ലാഹുവിന് യാതൊരു നേട്ടവുമില്ല.
  - **Eg: മദ്യപിച്ചു. നമുക്കാണ് നഷ്ടം.**
  - മത നിയമങ്ങൾ പാലിക്കുക എന്നത് നമുക്ക് നന്മയായിരിക്കും, അല്ലെങ്കിൽ നമുക്ക് നഷ്ടമായിരിക്കും.

**I. പരലോകത്ത് പ്രതിഫലം ലഭിക്കുന്നത്.**

- നമസ്കാരം നിർഹിക്കുന്നതിലൂടെ പ്രതിഫലം പരലോകത്താണ് ലഭിക്കുന്നത്.

**II. പരലോകത്തും ഇഹലോകത്തും ഉപകാരമുള്ളത്.**

- മദ്യപാനം ഒഴിവാക്കി. പരലോകത്തും ഇഹലോകത്തും പ്രതിഫലം ലഭിക്കും.

## ❖ മതത്തെ വിമർശിക്കുന്നവരുണ്ട്.

- ലോകത്തു നടക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം ഇസ്ലാം ആണ്.
- ഇസ്ലാം മത വിശ്വാസികളാണ് തീവ്രവാദികൾ.
- വാളിന് പ്രയോഗിക്കുന്ന പദം സെഫ് എന്നാണ്. ക്വുർആനിൽ ആ പദം കാണുന്നില്ല.
- കുന്തം എന്ന പദം പ്രയോഗിച്ചത് കുത്തരുത് എന്നു പറയനാണ്.

ഇസ്ലാം ഒരിക്കലും തീവ്രതയെ പ്രോത്സാഹിപ്പിക്കുന്നില്ല. മിതത്വം പഠിപ്പിച്ച മതമാണ് ഇസ്ലാം. കാരുണ്യം പഠിപ്പിക്കുന്ന മതമാണ് ഇസ്ലാം.

- ➢ മൃഗങ്ങളോട് കരുണ കാണിക്കണം - നായക്ക് വെള്ളം കൊടുക്കുക വഴി സ്വർഗം.
- ➢ ചെറിയ പക്ഷി കുഞ്ഞിനെ കൂട്ടിലടച്ചതിനോട് പ്രതികരിച്ച നബി (സ്വ)
- ➢ യാത്ര സംഘത്തിലെ ഒരു വ്യക്തിയുടെ സാധനങ്ങൾ എടുത്ത വെച്ചവരോട് നബി (സ്വ) പറഞ്ഞത് തമാശക്ക് പോലും ഒരാളെയും ഭയപ്പെടുത്തരുത്.

1. യുദ്ധത്തിന് അനുവാദം ചോദിച്ച വന്ന വ്യക്തിയോട് വീട്ടിലുള്ള മാതാപിതാക്കളെ സംരക്ഷിക്കലാണ് ജിഹാദ് എന്നു പറഞ്ഞ മടക്കി വിട്ട മതമാണ് ഇസ്ലാം.
2. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറയെ ഭക്ഷിക്കുന്നവൻ എന്നിൽ പെട്ടവനല്ല.

### 3. ഇസ്ലാമിലെ ശിക്ഷാ വിധികൾ ക്രൂരമാണ്.

- ഇസ്ലാം കാടത്തമാണ്, ഇസ്ലാമിലെ ശിക്ഷാ വിധികളും എന്നതാണ് വിമർശകർ ഉന്നയിക്കുന്ന ഒരു ആരോപണം. കൊന്നവനെ കൊല്ലണം, കട്ടവന്റെ കൈ മുറിക്കണം.. ഇതെല്ലാം പ്രാകൃതമാണ്.
- വ്യക്തിക്കും സമൂഹത്തിനും സമാധാനം പ്രദാനം ചെയ്യുകയാണ് ഖുർആനിക നിയമങ്ങളുടെ ലക്ഷ്യം.
- വ്യക്തികൾക്ക് ചില അവകാശങ്ങളുണ്ട്. ഈ അവകാശങ്ങൾ അന്യോന്യം അനുവദിച്ചുകൊടുക്കുക വഴിയാണ് സാമൂഹികമായ ജീവിതം സാധ്യമാകുന്നത്.
- ഒരാളുടെയും അവകാശങ്ങൾ ഹനിക്കുവാൻ മറ്റൊരാളെയും അനുവദിച്ചുകൂടാ. ആരുടെയെങ്കിലും അവകാശങ്ങൾ ഹനിക്കപ്പെടുന്നുണ്ടോയെന്ന് ശ്രദ്ധിക്കേ

ണ്ടതും ഉണ്ടെങ്കിൽ അത് ഇല്ലാതെയാക്കേണ്ടതും രാഷ്ട്രത്തിന്റെ ബാധ്യതയാണ്. ഇതിനു വേണ്ടിയാണ് ശിക്ഷാനിയമങ്ങൾ നടപ്പിലാക്കുന്നത്.

- നേരായ മാർഗത്തിലൂടെ ചലിക്കുവാൻ വ്യക്തിയെ പ്രചോദിപ്പിക്കുകയാണ് ഖുർആനിലെ ശിക്ഷാനിയമങ്ങളുടെ ലക്ഷ്യം.

**ഒരു ശിക്ഷാനിയമം പ്രായോഗികമാണെന്ന് പറയാനാവുക അത് താഴെ പറയുന്ന ഗുണങ്ങൾ പ്രകടിപ്പിക്കുമ്പോഴാണ്.**

1. ചെയ്ത തെറ്റിനുള്ള പ്രതികാരമാവുക.
2. തെറ്റുകളെ തടയാൻ കഴിയുക.
3. കുറ്റവാളികളെ ഭയപ്പെടുത്താനാവുക.
4. കുറ്റവാളിയെ സംസ്കരിക്കുന്നതാവുക.
5. കുറ്റം വഴി നഷ്ടം നേരിട്ടവർക്ക് പരിഹാരം നൽകുന്നതാവുക.
6. കുറ്റവാളിയെ പാശ്ചാത്താപ വിവശനാക്കുന്നതാവുക.
7. സമൂഹത്തെ കുറ്റങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാവുക.

ഇവയിൽ ഒന്ന് പോലും ആധുനികാ ശിക്ഷാനിയമങ്ങൾ പൂർത്തീകരിക്കുന്നില്ല. അതു കൊണ്ട് തന്നെയാണ് ആധുനിക ജനാധിപത്യം നിലനിൽക്കുന്ന നാടുകളിൽ കുറ്റ കൃത്യങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നത്.

ഇസ്‌ലാമിക നിയമങ്ങൾ നിലനിൽക്കുന്ന നാടുകളിലാണ് കുറ്റകൃത്യങ്ങൾ കുറവെന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്നതാണ്. ഇസ്‌ലാമിലെ ഏതു ശിക്ഷാ നിയമമെടുത്താലും ഈ ധർമങ്ങൾ അവ നിർവഹിക്കുന്നതായി കാണാൻ കഴിയും. അതാണ് ഇസ്‌ലാമിക ശിക്ഷാനിയമങ്ങളുടെ പ്രായോഗികതയും പ്രസക്തി യും.

## ❖മത നിയമങ്ങൾ പ്രായോഗികം. മനുഷ്യരുടെ നന്മക്ക്.

**A. നമസ്കാരം**

നിർബന്ധമാണ്. എന്നാൽ ഇളവുകൾ നൽകിയിട്ടുണ്ട്.

സാധിക്കാത്തവർക്ക് ഇരുന്നു നമസ്കരിക്കാം.

രോഗികൾക്ക്, യാത്രക്കാർക്ക് എല്ലാം നമസ്കാരത്തിൽ ഇളവുകൾ നൽകി.

**B. നോമ്പ് നോൽക്കണം.**

## ❖മതം വിരോധിച്ച കാര്യങ്ങൾ

A. മദ്യം

B. വ്യഭിചാരം

C. മോഷണം.

ഈ മത നിയമങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കൽ നമ്മുടെ കടമയാണ്.

**വിശ്വാസികളുടെ രണ്ടാമത്തെ അടയാളം പ്രവർത്തിക്കുക എന്നതാണ്.**

**തുടരും. ഇൻഷാ അള്ളാഹ്**

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സ്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.